# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 170**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന് കർത്താവിന്റെ മുമ്പിൽ വിശ്വാസം ഏറ്റുപറഞ്ഞ വിശുദ്ധ തോമസ് അപ്പൊസ്തലൻ, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ദൗത്യവുമായി ഭാരതത്തിൽ എത്തിയതിനെയോർത്ത് സ്തോത്രം ചെയ്യുന്നതിനും സഭയുടെ വിവിധങ്ങളായ ശുശ്രൂഷകളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനുമായി എല്ലാ വർഷവും ഡിസംബർ 21 –ാം തീയതി നാം സഭാ ദിനമായി വേർതിരിച്ച് ആചരിച്ചുവരുന്നു.

ഈ വർഷം ഡിസംബർ മാസം 21–ാം തീയതി ഞായറാഴ്ചയാണ് സഭാ ദിനമായി നാം ആചരിക്കുന്നത്. അന്നേദിവസം എല്ലാ ഇടവകജനങ്ങളും വിശുദ്ധ കുർബാന ശുശ്രൂഷയിൽ പങ്കെടുക്കണം. ഇടവകകൾ തനിയെയോ അടുത്തുള്ള ഇടവകകൾ ചേർന്നോ പ്രത്യേക ധ്യാനയോഗങ്ങൾ ഇതിനോടനുബന്ധിച്ച് ക്രമീകരിക്കാവുന്നതാണ്. 'സഭ: ക്രിസ്തുവിന്റെ മാർഗ്ഗം' എന്നതാണ് ഈ വർഷത്തെ സഭാദിനത്തിലെ ചിന്താവിഷയം. സഭ ചൈതന്യവത്താകുന്നത് ക്രിസ്തു മാർഗ്ഗത്തിലൂടെ ചരിക്കുമ്പോഴാണ്. ക്രിസ്തുമാർഗ്ഗം കുരിശിന്റെ വഴിയാണ്. കുരിശ് ക്രിസ്തുവിന്റെ ജീവിതശൈലിയാണ്. 'അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക' എന്ന് പ്രഖ്യാപിച്ച ഭാരതത്തിന്റെ അപ്പൊസ്തലനായ തോമസ് ക്രിസ്തുമാർഗ്ഗത്തിനായി ജീവൻ നൽകിയ ശിഷ്യനാണ്. വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ അനുഗമിക്കാൻ നമുക്ക് കഴിയണം.

സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കാളിത്തം വഹിക്കുന്ന എല്ലാവർക്കായും പ്രവർത്തനങ്ങളുടെ അനുഗ്രഹങ്ങൾക്കായും പ്രാർത്ഥിക്കാം. സഭാ ദിനത്തിൽ ആരാധനാമദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച സഭയുടെ സെന്റ് തോമസ് എപ്പിസ്കോപ്പൽ ഫണ്ടിലേക്ക് വേർതിരിച്ചിട്ടുള്ളതിനാൽ ആയത് താമസംവിനാ സഭാ ഓഫീസിലേക്ക് അയയ്ക്കണം.

നവീകരണ ദർശനത്തോടും കാലഘട്ടത്തിന് അനുസൃതമായും ദൗത്യമേഖലകളിൽ ഉത്തമ കാര്യവിചാരകരായി പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

2025 നവംബർ മാസം 14–ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 170**

*Blessings to all the Vicars, resident Clergy, Trustees,*
*and Members of all our Parishes in the Church*

Beloved in Christ,

We observe 21$^{st}$ December as ‘Sabha Dinam’ to give thanks for St. Thomas the Apostle, who confessed his faith before the Lord saying, “*My Lord and my God*,” and who came to India bearing the mission of our Lord and Saviour Jesus Christ and to pray for the various ministries of the Church.

This year, Sunday, 21$^{st}$ December, will be observed as ‘Sabha Dinam’. On that day, all parish members are expected to participate in the Holy Qurbana Service. Parishes may organize worship services and special meditation sessions either independently or jointly with neighboring parishes. The theme for this year’s Sabha Dinam is “The Church: the Way of Christ”. The Church becomes vibrant when it walks in the way of Christ. The way of Christ is the way of the Cross. The Cross is the lifestyle of Christ. Saint Thomas, the Apostle of India, who declared, *“Let us also go, that we may die with Him,”* is a disciple who gave his life for the way of Christ. May we be enabled to follow Christ, who is the Way, the Truth, and the Life.

Let us pray for all those who participate in carrying out the mission of the Church and for God’s blessing upon their ministries.The offertory that is received during the worship service on the Sabha Dinam is allocated to the St. Thomas Episcopal Fund of the Church and should be sent to the Sabha Office without delay.

May the Holy Spirit strengthen us to serve as faithful stewards in the mission fields, with a renewed vision and in ways appropriate to the times

Grace be with you all.

Dated 14$^{th}$ November 2025, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**